LIBRARY ARCHIVES Kerala Legislative Assembly

ഫ്ലാറ്റുകൾക്ക് നോട്ടീസ് നൽകൽ

150 (1524) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്ര ഫ്ലാറ്റുകൾക്ക്, നിയമലംഘനം നടത്തി എന്ന നിഗമനത്തിൽ നോട്ടീസ് നൽകിയിട്ടുണ്ട് ; നോട്ടീസുകൾ നൽകാനുണ്ടായ കാരണം വിശദമാക്കുമോ;

(ബി) നോട്ടീസിലെ കാരണങ്ങൾ ഒഴിവാക്കി നൽകുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ലഭ്യമായ വിവരം അനുസരിച്ച് കേരളത്തിൽ നിയമലംഘനം നടത്തി എന്ന നിഗമനത്തിൽ 21 ഫ്ലാറ്റുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. നിലവിലെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്നതിനാലാണ് നോട്ടീസ് നൽകിയിട്ടുള്ളത്.

(ബി) നിലവിലുള്ള അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്ന നിയമ പ്രകാരം 31-3-2013-ന് മുമ്പ് നിർമ്മാണം നടത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി നിബന്ധനകളോടെ ക്രമവൽക്കരിക്കുന്നതിന് അവസരമുണ്ട്.

പാർട്ണർ കേരള മിഷൻ പദ്ധതി

151 (1525) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർട്ണർഷിപ്പ് കേരള മിഷൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?